**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4297** **28-10-2021 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യിൽ നിലവിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 2008 പേർ സേവനമനുഷ്ഠിക്കുന്നു. പ്രസ്തുത ജീവനക്കാരുടെ ക്വാട്ട തിരിച്ചുള്ള എണ്ണവും പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ കെ.പി.എസ്.സി മുഖാന്തിരം നേരിട്ട് നിയമനം നടത്തുന്ന 40% ക്വാട്ട. 40% ക്വാട്ടയിലെ കേഡർ സ്ട്രെങ്ത് ആയ 918 –നെതിരെ 804 പേർ ജോലി നോക്കി വരുന്നു. ടി ക്വാട്ടയിൽ 114 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 89 പേർക്ക് 25.10.2021-ന് ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 13 ഒഴിവുകൾ കെ.പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിലുള്ള ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് B.Tech യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും കെ.പി.എസ്.സി മുഖാന്തിരം നിയമനം നടത്തുന്ന 10% ക്വാട്ട. ടി ക്വാട്ടയിലെ കേഡർ സ്ട്രെങ്ത് ആയ 230 –നെതിരെ 160 പേർ ജോലി നോക്കി വരുന്നു. ടി ക്വാട്ടയിൽ 70 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 16 എണ്ണം കെ.പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം വഴി നികത്തുന്ന 30% (ഡിപ്ലോമ) 20% (ഐ.റ്റി.ഐ) ക്വാട്ട. ടി ക്വാട്ടകളിലെ കേഡർ സ്ട്രെങ്ത് ആയ 1147 –നെതിരെ 1044 പേർ നിലവിൽ ജോലി നോക്കി വരുന്നു. ടി ക്വാട്ടയിൽ 103 ഒഴിവുകളുണ്ട്. ടി ക്വാട്ടകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതു സംബന്ധിച്ച് ബഹു.മാനപ്പെട്ട കേരള |

| | | | |
|---|---|---|---|
| | | | ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി. എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 2008 പേർ സേവനമനുഷ്ഠിക്കുന്നു. പ്രസ്തുത ജീവനക്കാരുടെ ക്വാട്ട തിരിച്ചുള്ള എണ്ണവും പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ കെ.പി.എസ്.സി മുഖാന്തിരം നേരിട്ട് നിയമനം നടത്തുന്ന 40% ക്വാട്ട. 40% ക്വാട്ടയിലെ കേഡർ സ്ട്രെങ്ത് ആയ 918 –നെതിരെ 804 പേർ ജോലി നോക്കി വരുന്നു. ടി ക്വാട്ടയിൽ 114 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 89 പേർക്ക് 25.10.2021-ന് ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 13 ഒഴിവുകൾ കെ.പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിലുള്ള ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് B.Tech യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും കെ.പി.എസ്.സി മുഖാന്തിരം നിയമനം നടത്തുന്ന 10% ക്വാട്ട. ടി ക്വാട്ടയിലെ കേഡർ സ്ട്രെങ്ത് ആയ 230 –നെതിരെ 160 പേർ ജോലി നോക്കി വരുന്നു. ടി ക്വാട്ടയിൽ 70 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 16 എണ്ണം കെ.പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം വഴി നികത്തുന്ന 30% (ഡിപ്ലോമ) 20% (ഐ.റ്റി.ഐ) ക്വാട്ട. ടി ക്വാട്ടകളിലെ കേഡർ സ്ട്രെങ്ത് ആയ 1147 –നെതിരെ 1044 പേർ നിലവിൽ ജോലി നോക്കി വരുന്നു. ടി ക്വാട്ടയിൽ 103 ഒഴിവുകളുണ്ട്. ടി ക്വാട്ടകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ